തിരുവനന്തപുരം മെഡിക്കൽ കോളേജിലേയ്ക്ക് തസ്തിക പുനഃസ്ഥാപിക്കുന്ന സമയത്ത് ടി തസ്തികയിൽ ആരും ഇല്ലായിരുന്നു. ഇതിനുപകരമായി തിരുവനന്തപുരത്തുനിന്നും ഒരു അസിസ്റ്റന്റ് പ്രൊഫസർ തസ്തിക തൃശ്ശൂരിലേയ്ക്ക് മാറ്റിയെങ്കിലും യോഗ്യതയുള്ള ഡോക്ടർമാരില്ലാത്തതു കാരണം ടി തസ്തിക ഒഴിഞ്ഞുകിടക്കുകയാണ്.

(സി) തൃശ്ശൂരിലെ ഇ.എൻ.ടി. വിഭാഗം അസോസിയേറ്റ് പ്രൊഫസർ ഡോ. എം. കെ. അബ്ദുൾ ഹമീദ് കോഴിക്കോട്ടും കാർഡിയോളജി അസോസിയേറ്റ് പ്രൊഫസർ ഡോ. കെ. ശിവപ്രസാദ് തിരുവനന്തപുരത്തും ജനറൽ മെഡിസിൻ അസിസ്റ്റന്റ് പ്രൊഫസർ ഡോ. എസ്. ശ്രീനാഥ് തിരുവനന്തപുരത്തും അനാട്ടമി അസിസ്റ്റന്റ് പ്രൊഫ. ഡോ. ആർ. ഗീത തിരുവനന്തപുരത്തും ഭരണപരമായ കാരണങ്ങളിൻമേൽ വർക്കിംഗ് അറേഞ്ച്മെന്റിൽ ജോലി ചെയ്യുന്നുണ്ട്. പത്തോളജി ഡിപ്പാർട്ട്മെന്റിൽനിന്നും ആരെയും മാറ്റിയിട്ടില്ല.

ഡോക്ടർമാരെ നിയമിക്കുന്നതിന് നടപടി

157 (1626) ശ്രീ. എം. എ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെങ്ങമനാട്, പുത്തൻവേലിക്കര, മുത്തകുന്നം എന്നിവിടങ്ങളിലെ സർക്കാർ ആശുപത്രികളിൽ ആവശ്യത്തിന് ഡോക്ടർമാരെ നിയമിച്ചിട്ടില്ലാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ആശുപത്രികളിൽ ഡോക്ടർമാരെ നിയമിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ)&(ബി) പുത്തൻവേലിക്കര, മുത്തകുന്നം എന്നീ പ്രൈമറി ഹെൽത്ത് സെന്ററുകളിൽ നിലവിലുള്ള ഡോക്ടർമാരുടെ തസ്തികകളിൽ ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്. ചെങ്ങമനാട് പ്രൈമറി ഹെൽത്ത് സെന്ററിലെ ഒഴിവുള്ള സിവിൽ സർജൻ തസ്തികയിൽ ഉടൻ നിയമനം നടത്തുന്നതാണ്.

സുവർണ്ണ ജൂബിലി വർഷത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി താൽക്കാലിക അടിസ്ഥാനത്തിലും ദിവസക്കൂലിയിലും നിയമിച്ചവർ

158 (1627) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുവർണ്ണ ജൂബിലി വർഷത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി താൽക്കാലിക അടിസ്ഥാനത്തിലും ദിവസക്കൂലി ഇനത്തിലുമായി ആരോഗ്യ വകുപ്പിൽ എത്ര ഗ്രേഡ്-2 അറ്റൻഡർ, സ്വീപ്പർ എന്നിവർ ജോലി ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഏതെല്ലാം തസ്തികകളിൽ, ഏതെല്ലാം ജില്ലകളിലാണ് എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഗ്രേഡ്-2 അറ്റൻഡർ തസ്തികയിൽ താൽക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്തവരെ പാർട്ട്ടൈം തസ്തികയിൽ സ്ഥിരമായി നിയമിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സർക്കാരിന് അപേക്ഷ നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതിൻമേൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; ഇത് സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ച ഒ.പി.നം. 14317 ഓഫ് 2001-ലെ വിധി അനുസരിച്ച് ഇവരെ ഹെൽത്ത് സർവ്വീസിൽ പാർട്ട്ടൈം സ്വീപ്പർ തസ്തികയിൽ നിയമിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ ;

(ഡി) ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ സുവർണ്ണ ജൂബിലി വർഷത്തിൽ ആരോഗ്യ വകുപ്പിൽ താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്നവരെ പാർട്ട്ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരനിയമനം നൽകുന്നതിനാവശ്യമായ ഉത്തരവ് പുറപ്പെടുവിക്കുമോ ?

ഉത്തരം

(എ)&(ബി) സുവർണ്ണ ജൂബിലി വർഷത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി തിരുവനന്തപുരം, എറണാകുളം, മലപ്പുറം, കണ്ണൂർ, കോഴിക്കോട്, കാസർകോട്, പാലക്കാട് ജില്ലകളിൽ ആരെയും നിയമിച്ചിട്ടില്ല. കൊല്ലം ജില്ലയിൽ 2001-ൽ 100 പേർക്കും 2002-ൽ 80 പേർക്കും 2003-ൽ 110 പേർക്കും ആലപ്പുഴ ജില്ലയിൽ 17 പേർക്കും പത്തനംതിട്ട ജില്ലയിൽ 28 പേർക്കും കോട്ടയം ജില്ലയിൽ 26 പേർക്കും തൃശൂർ ജില്ലയിൽ 29 അറ്റന്റർ ഗ്രേഡ്-2 67 പാർട്ട്ടൈം ക്ലീനർമാർക്കും വയനാട് ജില്ലയിൽ 13 പേർക്കും ഇടുക്കി ജില്ലയിൽ 24 പേർക്കും നിയമനം നൽകി ജോലി ചെയ്തിട്ടുണ്ട്.

(സി)&(ഡി) അറ്റൻഡർ തസ്തികയിൽ താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്തവരെ പാർട്ട്ടൈം തസ്തികയിൽ സ്ഥിരമായി നിയമിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സർക്കാരിന് അപേക്ഷ നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഒ.പി.നം.14317/2001-ലെ വിധി അനുസരിച്ച് ഇവരെ ഹെൽത്ത് സർവ്വീസിൽ അറ്റൻഡർ ഗ്രേഡ്-2 തസ്തികയിൽ തുടരാൻ അനുവദിക്കുന്നതിന് നിലവിൽ വ്യവസ്ഥയില്ല എന്ന വിവരം 20-12-2001-ൽ അവരെ അറിയിച്ചിട്ടുണ്ട്.

തിരുവനന്തപുരം ജില്ലയിലെ സർക്കാർ ആശുപത്രികളിലെ താൽക്കാലിക ജീവനക്കാർ

159 (1628) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിലെ സർക്കാർ ആശുപത്രികളിൽ ഇപ്പോൾ എത്ര താൽക്കാലിക ജീവനക്കാരുണ്ട് ;

(ബി) അവരുടെ തസ്തിക തിരിച്ച് എണ്ണം വ്യക്തമാക്കാമോ ?

ഉത്തരം

(എ) 1197 എണ്ണം.

LIBRARY ARCHIVES Kerala Legislative Assembly